# ഗവ. ഹൈസ്കൂൾ ഏലൂർ

## അധ്യാപകദിനാഘോഷ റിപ്പോർട്ട്

# സെപ്റ്റംബർ 5 അധ്യാപകദിനാചരണത്തിന്റെ റിപ്പോർട്ട്

ഏലൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ സെപ്റ്റംബർ 5 അധ്യാപകദിനം സമുചിതമായി ആഘോഷിച്ചു. സ്കൂൾ ഓഡിറ്റോറിയത്തിൽ ചേർന്ന യോഗം 10 മണിക്ക് ആരംഭിച്ചു. ഹയർ സെക്കന്ററി പ്രിൻസിപ്പൽ ശ്രീമതി. ഷേർലിക്കുഞ്ഞ് സ്വാഗതം ആശംസിച്ചു. വാർഡ് കൗൺസിലർ ശ്രീമതി. സി. ബി. റഹീമ അധ്യക്ഷം വഹിച്ച യോഗം ഏലൂർ നഗരസഭാധ്യക്ഷ ശ്രീമതി. സിജി ബാബു, ഉത്ഘാടനം ചെയ്തു.



പൂർവ്വാധ്യാപകരായ ശ്രീ. ബ്രിട്ടോ റൊസാരിയോ, ശ്രീ. കെ. ബി. ഷാഹുൽ ഹമീദ്, ശ്രീമതി. പി. ജി. മേരി, ശ്രീമതി. പി. കെ. നസിം, ശ്രീമതി. രമാദേവി എന്നിവർ സ്കൂളിന്റെ ആദരം ഏറ്റുവാങ്ങാൻ എത്തിയിരുന്നു. ആശംസകളർപ്പിച്ച് വിദ്യാഭ്യാസ സ്റ്റാഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. മെറ്റിൽഡ ജെംസ്, പിറ്റിഎ പ്രസിഡന്റ് ശ്രീ അലികുഞ്ഞ്, പിറ്റിഎ വൈസ് പ്രസിഡന്റ് ശ്രീ.സുലൈമാൻ, സ്കൂൾ ലീഡർ, എന്നിവർ സംസാരിച്ചു.



ശ്രീ. കെ. ബി. ഷാഹുൽഹമീദ് സാറിനെ ചെയർപേഴ്സൺ ശ്രീമതി. സിജി ബാബു, ശ്രീ. ബ്രിട്ടോ റൊസാറിയോ സാറിനെ പി.റ്റി.എ പ്രസിഡന്റ് ശ്രീ.അലികുഞ്ഞ്, ശ്രീമതി. രമാദേവി ടീച്ചറിനെ വാർഡ് കൗൺസിലർ ശ്രീമതി. സി. ബി. റഹീമ, ശ്രീമതി. പി.ജി.മേരി ടീച്ചറിനെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. മെറ്റിൽഡ ജെംസ് ശ്രീമതി. പി. കെ. നസിം ടീച്ചറെ പിറ്റിഎ വൈസ്പ്രസിഡന്റ് ശ്രീ.സുലൈമാൻ എന്നിവർ പൊന്നാടകളണിയിച്ചു.









തുടർന്ന് കുട്ടികൾ സ്നേഹോപഹാരമായി പുസ്തകങ്ങളും ആദരണീയരായ അധ്യാപകർക്ക് സമർപ്പിച്ചു.





ആദരവ് ഏറ്റുവാങ്ങിയ അധ്യാപകർ തങ്ങളുടെ അധ്യാപനാനുഭവങ്ങൾ പങ്കുവച്ചത് ഏറെ ഹൃദ്യമായി, അവ കുട്ടികൾക്കും അധ്യാപകർക്കും ഒരെ പോലെ പ്രചോദനമാക്കുകയും ചെയ്തു.

തുടർന്ന് അധ്യാപകരായ ഉഷ ടീച്ചർ, സാജിത ടീച്ചർ, ദിവ്യ എന്നിവർ ഗാനം ആലപ്പിച്ചു. ഹൈസ്കൂൾ വിഭാഗത്തിലേയും , ഹയർ സെക്കന്ററി വിഭാഗത്തിലെയും കുട്ടികൾ തങ്ങളുടെ കലാപരിപാടികൾ അവതരിപ്പിച്ചു.

വളരെ നല്ല മുഹൂർത്തങ്ങൾ സമ്മാനിച്ച് യോഗം 1.00 മണിയോടെ സമാപിച്ചു.